# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *116 11/06/2019-ൽ മറുപടിക്ക്

## ഡോ.എം.എ.ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സണ്ണി ജോസഫ്**<br>,, **വി.ഡി.സതീശൻ**<br>,, **ഐ.സി.ബാലകൃഷ്ണൻ**<br>,, **അനിൽ അക്കര** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സ്കൂൾ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഭരണ നിർവ്വഹണ ഘടനയിൽ മാറ്റം വരുത്തുന്നതിന് ശിപാർശ ചെയ്യുന്ന ഡോ.എം.എ.ഖാദർ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | എ) തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | ബി) വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. |
| സി) പന്ത്രണ്ടാം ക്ലാസ്സ് വരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും ഒറ്റ ഡയറക്ടറേറ്റിന് കീഴിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | സി) ഉണ്ട്. |
| ഡി) ഇതിനെതിരെ ഹയർ സെക്കണ്ടറി അദ്ധ്യാപക സംഘടനകളുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഉണ്ട്. |
| ഇ) റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് മുമ്പ് വിവിധ സംഘടനകളുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അദ്ധ്യാപകരുടെ ആശങ്ക പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | ഇ) റിപ്പോർട്ടിന്റെ ഉള്ളടക്കങ്ങളെക്കുറിച്ച് അദ്ധ്യാപക/അനദ്ധ്യാപക/സർവ്വീസ് സംഘടനകളുടെ പ്രതിനിധികളുമായി 20.05.2019-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും 28.05.2019-ൽ ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയും മേൽ വിഷയം സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ചെയ്തിരുന്നു. ആ ചർച്ചകളിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ കൂടി പരിഗണിച്ചശേഷമാണ് സർക്കാർ ഇക്കാര്യത്തിൽ നയപരമായ തീരുമാനം എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

അധ്യായം 6

# ശുപാർശകൾ - സംഗ്രഹം

സ്കൂളിൽ എത്തിച്ചേരുന്ന മുഴുവൻ കുട്ടികൾക്കും പഠിക്കാനും വികസിക്കാനുമുള്ള തുല്യ അവസരങ്ങൾ ലഭ്യമാക്കുന്നതും ജനാധിപത്യം, മതനിരപേക്ഷത, സഹകരണം, സഹവർത്തിത്വം, അനുതാപം, ലിംഗാവബോധം, പാരിസ്ഥിതികാവബോധം തുടങ്ങി ഭരണഘടനാമൂല്യങ്ങളെല്ലാം ഉള്ളവാകുന്നതുമായ വിദ്യാഭ്യാസാന്തരീക്ഷമാണ് ഉണ്ടാകേണ്ടത്. അതിനായി ഇപ്പോൾ നിലനിൽക്കുന്ന വിദ്യാഭ്യാസഘടനയടക്കമുള്ള വിവിധ ഘടകങ്ങൾ പരിവർത്തനത്തിന് വിധേയമാക്കേണ്ടതുണ്ട്. അതിനായുള്ള വിദഗ്ധസമിതി ശുപാർശകൾ അധ്യായം 5 ൽ നൽകിയിട്ടുണ്ട്. അതിന്റെ സംഗ്രഹം മാത്രമാണ് ഈ അധ്യായം. അധ്യായം 5 ആണ് ശുപാർശകൾ എന്ന നിലയിൽ പരിഗണിക്കേണ്ടത്. അതിലേക്ക് ഒരു പ്രവേശിക എന്ന നിലയിൽ ഈ അധ്യായത്തെ കാണാം.

**ഘടനയും ഭരണനിർവഹണവും**

1. **പ്രീസ്കൂൾ**

i. 3 വയസ്സുമുതൽ സ്കൂൾ പ്രവേശനപ്രായം (5/6 വയസ്സ്) വരെ കുട്ടികൾക്ക് പ്രീസ്കൂളിങ് സംവിധാനം ഒരുക്കണം. വിവിധ ഏജൻസികൾ ഇപ്പോൾ ഒരുക്കുന്ന പ്രീസ്കൂളിങ് സംവിധാനങ്ങൾക്ക് ഏകോപിതരൂപം ഉണ്ടാകണം.

ii. പ്രീസ്കൂളിങ് പ്രായം കുട്ടികളുടെ വളർച്ചയും വികാസവുമായി ബന്ധപ്പെട്ടതിനാൽ കുട്ടിയുടെ ചിന്താപ്രക്രിയയെ ഉത്തേജിപ്പിക്കുന്നതും പരിപോഷിപ്പിക്കുന്നതുമാകണം കുട്ടിക്ക് ലഭിക്കുന്ന എല്ലാ അനുഭവങ്ങളും. ഈ പ്രായത്തിൽ കളിയെന്നത് ഏറ്റവും ഗൗരവമേറിയതും പ്രധാനപ്പെട്ടതുമായ പഠനസങ്കേതമാണ്. യാന്ത്രികമായ പഠന-പാഠന പ്രവർത്തനങ്ങൾ ഒരു കാരണവശാലും അനുവദിക്കരുത്.

iii. പ്രീസ്കൂൾ പ്രവർത്തകർ/അധ്യാപകർക്ക് ഏറ്റവും മികച്ച പരിശീലനം ലഭ്യമാക്കണം.

iv. അംഗീകാരമില്ലാത്ത പ്രീസ്കൂൾ അധ്യാപകപരിശീലനകേന്ദ്രങ്ങൾ കണ്ടെത്തി ഉചിതമായ നടപടികൾ കൈക്കൊള്ളണം.

v. പ്രീസ്കൂളിങ്ങിനായി ഒരു നയവും നിയമവും രൂപീകരിക്കുകയും നടപ്പാക്കുകയും വേണം.

vi. സർക്കാർ നൽകുന്ന മാർഗനിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട സർക്കാർ ഏജൻസികളുടെ പങ്കാളിത്തമുള്ള ഒരു റഗുലേറ്ററി സംവിധാനം ഉണ്ടാകണം.

2. സ്കൂൾ പ്രവേശനപ്രായം

i. പ്രീസ്കൂളിങ് നയം രൂപീകരിക്കുന്ന ഘട്ടത്തിൽ സ്കൂൾ പ്രവേശനപ്രായം എത്രയാകാം എന്നത് സംബന്ധിച്ച വ്യക്തത വരുത്തണം.

3. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഘട്ടങ്ങൾ

| | | | | |
|---|---|---|---|---|
| 1 | പ്രീസ്കൂൾ | സ്കൂൾ പ്രവേശനത്തിനു മുമ്പ് | | |
| 2 | പ്രൈമറി | 1 - 7 | ലോവർ പ്രൈമറി | നാലാം ക്ലാസുവരെയുള്ള സ്കൂളുകൾ |
| | | | പ്രൈമറി | ഏഴാം ക്ലാസുവരെയുള്ള സ്കൂളുകൾ |
| 3 | സെക്കന്ററി | 8 -12 | ലോവർ സെക്കന്ററി | പത്താം ക്ലാസുവരെയുള്ള സ്കൂളുകൾ |
| | | | സെക്കന്ററി | പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂളുകൾ |

4. ഭരണനിർവഹണം

1. പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾവിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും ഇന്നു നിലവിലുള്ള വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളെയും സംയോജിപ്പിച്ച് സ്കൂൾ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ (ഡയറക്ടറേറ്റ് ഓഫ് സ്കൂൾ എജ്യുക്കേഷൻ) നിക്ഷിപ്തമാക്കണം.

2. പ്രീസ്കൂൾ മുതൽ പന്ത്രണ്ടാം ക്ലാസുവരെയുള്ള വിദ്യാഭ്യാസം ഒരു ഓഫീസിന്റെ പരിധിക്കകത്ത് വരുന്നതിനാൽ ഇതിനായി റവന്യൂ ജില്ലാതല വിദ്യാഭ്യാസ ഓഫീസ് ഉണ്ടാകും. ഇത് ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ (ജെ.ഡി.എസ്.ഇ) ഓഫീസ് ആയിരിക്കും. ജോയിന്റ് ഡയറക്ടർ ഓഫ് സ്കൂൾ എജ്യുക്കേഷൻ (ജെ.ഡി.എസ്.ഇ) ആയിരിക്കും റവന്യൂ ജില്ലയുടെ ചുമതലയുള്ള ഓഫീസർ.

3. റവന്യൂ ജില്ലാതല വിദ്യാഭ്യാസ ഓഫീസിന് കീഴിൽ സ്കൂൾ എജ്യുക്കേഷൻ ഓഫീസുകൾ ഉണ്ടാകണം. പൊതുവേ ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപറേഷൻ എന്നിവയുടെ ഭൂപരിധിയോട് ഏകോപിതമായ ഒരു സ്കൂൾ വിദ്യാഭ്യാസ ഓഫീസ് എന്നതാണ് ശുപാർശ ചെയ്യുന്നത്. സ്കൂൾ എജ്യുക്കേഷൻ ഓഫീസിന്റെ ചുമതല സ്കൂൾ എജ്യുക്കേഷൻ ഓഫീസർ (എസ്.ഇ.ഒ) ക്കായിരിക്കും.

4. ഗ്രാമപ്പഞ്ചായത്തുകൾ ആസൂത്രണം ചെയ്യുന്ന വിദ്യാഭ്യാസ പ്രോജക്ടുകൾ നടപ്പാക്കാനും മറ്റ് വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും പൂർണസമയ ഇംപ്ലിമെന്റിങ് ഓഫീസർ അനിവാര്യമാണ്. ആയതിനാൽ മുഴുവൻ ഗ്രാമപ്പഞ്ചായത്തുകളിലും തസ്തിക സൃഷ്ടിച്ച് പഞ്ചായത്ത് എജ്യുക്കേഷൻ ഓഫീസർമാരെ നിയമിക്കണം.

5. വിദ്യാഭ്യാസസംവിധാനത്തിലെ അടിസ്ഥാനപ്രവർത്തനഘടകം സ്കൂളുകളായിരിക്കും. ഒരു സ്കൂളിന് ഒരു സ്ഥാപനമേധാവി മാത്രമേ ഉണ്ടാകൂ. പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവ നിലവിലുള്ള സ്കൂളുകളിൽ എല്ലാ വിഭാഗങ്ങളെയും ഏകോപിപ്പിച്ച് ഒരു സ്ഥാപനമേധാവിയുടെ കീഴിൽ കൊണ്ടുവരണം. ഈ സ്ഥാപനമേധാവി പ്രിൻസിപ്പൽ എന്നാണ് അറിയപ്പെടേണ്ടത്. അത്തരം സ്ഥാപനങ്ങളിൽ പ്രിൻസിപ്പലിനെ സഹായിക്കാൻ ഒരു വൈസ് പ്രിൻസിപ്പൽ കൂടി ഉണ്ടായിരിക്കേണ്ടതാണ്

6. നാഷണൽ സ്കിൽ ക്വാളിഫയിങ് ഫ്രെയിംവർക്കിന്റെ പശ്ചാത്തലത്തിൽ മുഴുവൻ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും സെക്കന്ററി സ്കൂളുകളായി മാറേണ്ടതാണ്.

7. പ്രിൻസിപ്പലായി നിലവിൽ ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററിയിലെ നിശ്ചിത അധ്യാപകപരിശീലനം യോഗ്യത (ബി.എഡ്) അടക്കമുള്ള ബിരുദാനന്തരബിരുദം നേടിയ അധ്യാപകരിൽനിന്നും പൊതു സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം മുഖേന നിയമിക്കാവുന്നതാണ്. ഹൈസ്കൂൾ ഹെഡ്മാസ്റ്റർ കാഡറിലുള്ളവർക്ക് നിലവിലുള്ള അവസ്ഥ തുടരാം.

8. സ്കൂളുകളിൽ നിലവിലുള്ള മിനിസ്റ്റീരിയൽ സ്റ്റാഫും ഓഫീസും ഏകോപിത സ്കൂളിന്റെ മിനിസ്റ്റീരിയൽ സ്റ്റാഫും ഓഫീസുമായി മാറും.

9. നിലവിൽ ഡി.പി.ഐ., ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവയുമായി ബന്ധപ്പെട്ടു മൂന്ന് പരീക്ഷാഭവനുകൾ ഉണ്ട്. ഇവ ഏകോപിപ്പിച്ച് ഒന്നാക്കി മാറ്റാം. ബോർഡ് ഓഫ് സ്കൂൾ എക്സാമിനേഷൻസ്, കേരളം എന്ന് ഇതിനു നാമകരണം ചെയ്യാം.

10. വിദ്യാലയങ്ങളുടെ സ്ഥാപനമേധാവികൾ പ്രിൻസിപ്പൽ എന്നാണ് അറിയപ്പെടുക. പന്ത്രണ്ടാം ക്ലാസുവരെയുള്ള സെക്കന്ററി വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (സെക്കന്ററി) ആയിരിക്കും. പത്താം ക്ലാസ് വരെയുള്ള വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (ലോവർ സെക്കന്ററി) ആയിരിക്കും. ഏഴാം ക്ലാസുവരെയുള്ള പ്രൈമറി വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (പ്രൈമറി) ആയിരിക്കും. നാലാം ക്ലാസ് വരെയുള്ള വിദ്യാലയത്തിന്റെ മേധാവി പ്രിൻസിപ്പൽ (ലോവർ പ്രൈമറി) ആയിരിക്കും.

11. വിവിധ ഡയറക്ടറേറ്റുകൾ ഏകോപിപ്പിക്കുമ്പോൾ സഹായകസംവിധാനമായി പ്രവർത്തിക്കുന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ വിന്യാസവും പ്രധാനമാണ്. അത് എങ്ങനെ വേണം എന്നത് അധ്യായം 5 ൽ വിശദീകരിച്ചിട്ടുണ്ട്.

12. ഇപ്പോൾ നിലവിലുള്ള തസ്തികകൾ ഏകീകരണ സമയത്ത് ശാസ്ത്രീയമായ രീതിയിൽ വിലയിരുത്തി ആവശ്യമായ പുനക്രമീകരണം നടത്തി ജീവനക്കാരുടെ സേവനം വിനിയോഗിക്കാവുന്നതാണ്.

13. ഓഫീസുകളെല്ലാം ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുന്ന ഇ-ഓഫീസ് സംവിധാനത്തിലേക്കു മാറണം.

14. ഓരോ വിഭാഗം ജീവനക്കാരും ഓരോ തലത്തിലും എന്തെന്തു കടമകളാണ് നിർവഹിക്കേണ്ടത് എന്ന് വ്യക്തമാക്കുന്ന മാർഗരേഖ വകുപ്പ് തയാറാക്കണം. ഇതനുസരിച്ചുള്ള പരിശീലനം എല്ലാവർക്കും നിർബന്ധമാക്കണം. സ്കൂൾ വിദ്യാഭ്യാസവകുപ്പിൽ ഏത് കാഡറിലും തൊഴിലിൽ പ്രവേശിക്കണമെങ്കിൽ അത് നേരിട്ടുള്ള നിയമനമായാലും സ്ഥാനക്കയറ്റം വഴിയുള്ള നിയമനമായാലും പ്രസ്തുത കാഡറിൽ പ്രവേശിക്കുന്നതിന് മുമ്പോ രണ്ടുമാസത്തിനകത്തോ പ്രവേശനഘട്ടത്തിലുള്ള പരിശീലനം (ഇൻഡക്ഷൻ ട്രെയിനിങ്) നിർബന്ധിതമാക്കണം.

16. എ.ഇ.ഒ തസ്തിക ഏകോപനത്തോടെ ഇല്ലാതാകും. അതൊടൊപ്പം ഡി.ഇ.ഒ തസ്തികയും. ഡി.ഡി.ഇ. തസ്തികകളും ആർ.ഡി.ഡി, എ.ഡി. ഓഫീസുകളും നിലവിലുള്ള രീതിയിൽ തുടരില്ല.

17. ഹയർ സെക്കന്ററി സ്കൂളുകളിൽ ഇപ്പോൾ നിലവിലുള്ള ലാബ് അസിസ്റ്റന്റ്മാരെ ഏകോപിത സെക്കന്ററി സ്കൂളിൽ ലാബ് സംവിധാനം കൈകാര്യം ചെയ്യുന്നതിന് പ്രയോജനപ്പെടുത്തേണ്ടതാണ്.

5. **കേരള എജ്യുക്കേഷണൽ സർവീസ്**

വിദ്യാഭ്യാസരംഗത്ത് അക്കാദമികമായും ഭരണപരമായുമുള്ള രംഗങ്ങളിൽ സർഗാത്മകമായും കാര്യക്ഷമമായും ഇടപെടണമെങ്കിൽ സ്കൂളിനെയും കുട്ടികളെയും അറിഞ്ഞിരിക്കണം. അക്കാദമിക മോണിറ്ററിങ് നടത്തണമെങ്കിൽ ക്ലാസ്മുറി അനുഭവം ഉണ്ടാകണം. ആയതിനാൽ ഭരണനിർവഹണരംഗത്ത് ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റിവ് സർവീസ് വിദ്യാഭ്യാസരംഗത്ത് കേരള എജ്യുക്കേഷൻ സർവീസ് എന്ന നിലയിൽ വികസിപ്പിക്കണം.

6. **കായികവിദ്യാഭ്യാസം**

കളികൾ കുട്ടികളുടെ ശരിയായ ശാരീരിക, മാനസിക, വൈകാരിക, സാമൂഹിക വികാസത്തിന് അനിവാര്യമാണെന്നത് രക്ഷാകർത്തൃസമൂഹത്തെ ബോധ്യപ്പെടുത്താൻ ആവശ്യമായ രക്ഷാകർത്തൃ വിദ്യാഭ്യാസം വിപുലമായ കാമ്പയിൻ രീതിയിൽ നടത്തണം.

1. ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ ക്ലാസ് അധ്യാപകർ തന്നെ കുട്ടികളുടെ നൈസർഗികമായ കളിവാസനയെ പ്രോത്സാഹിപ്പിച്ചാൽ മതിയാകും.
2. അഞ്ചാം ക്ലാസ് തൊട്ടുള്ള പ്രൈമറി മുതൽ പന്ത്രണ്ടാം ക്ലാസ്വരെയുള്ള സെക്കന്ററി അടക്കമുള്ള കുട്ടികൾക്ക് ശാസ്ത്രീയമായ കായികപരിശീലനം ലഭിക്കണം.
3. കുട്ടികൾക്ക് ശാസ്ത്രീയമായ കായികപരിശീലനത്തിന് യോഗ്യരായ അധ്യാപകരുണ്ടാകണം. എല്ലാ സെക്കന്ററി സ്കൂളുകളിലും കായികാധ്യാപകരുടെ സേവനം ലഭ്യമാക്കണം. അഞ്ച് മുതൽ ഏഴ് വരെയുള്ള പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്കും ശാസ്ത്രീയമായ പരിശീലനം ലഭിക്കാൻ കായികാധ്യാപകൻ/അധ്യാപികയുടെ സേവനം ഉറപ്പാക്കണം.
4. കായികാധ്യാപകരുടെ നിയമനത്തിന് തദ്ദേശഭരണസ്ഥാപനങ്ങളെ ഒരു യൂണിറ്റായി പരിഗണിക്കാം.

7. **കലാവിദ്യാഭ്യാസം**

1. അഞ്ച് മുതൽ ഏഴ് വരെ പ്രൈമറി മുതൽ ഏട്ട് മുതൽ പന്ത്രണ്ട് വരെയുള്ള സെക്കന്ററി വരെ കുട്ടികൾക്ക് അടക്കം ശാസ്ത്രീയമായ കലാപരിശീലനം ലഭിക്കണം.
2. ഈ പ്രായഘട്ടത്തിൽ കലാസാംസ്കാരിക മേഖലകളിലെ വൈവിധ്യമാർന്ന ഇനങ്ങളിൽ കുട്ടികളുടെ താൽപ്പര്യമേഖലകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാകണം. ഓരോ തദ്ദേശഭരണസ്ഥാപനപരിധിയിലും കല-കായിക സാംസ്കാരിക പാർക്ക് എന്ന ആശയത്തെ പ്രായോഗികമാക്കണം.

3. കുട്ടികൾക്ക് ശാസ്ത്രീയമായ കലാപരിശീലനത്തിന് യോഗ്യരായ അധ്യാപകരുണ്ടാകണം. എല്ലാ അഞ്ച് മുതൽ ഏഴ് വരെ പ്രൈമറി, എട്ട് മുതൽ പന്ത്രണ്ട് വരെ സെക്കന്ററി കുട്ടികൾക്കടക്കം കലാധ്യാപകരുടെ സേവനം ലഭ്യമാക്കണം.

4. കലാധ്യാപകരുടെ നിയമനത്തിന് തദ്ദേശഭരണ സ്ഥാപനങ്ങളെ ഒരു യൂണിറ്റായി പരിഗണിക്കാം.

8. തൊഴിൽവിദ്യാഭ്യാസം

1. അഞ്ച് മുതൽ ഏഴ് വരെയുള്ള പ്രൈമറി മുതൽ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള സെക്കന്ററി അടക്കം കുട്ടികൾക്ക് ശാസ്ത്രീയമായ തൊഴിൽപഠനത്തിലൂടെയുള്ള അനുഭവങ്ങൾ ലഭ്യമാകണം.

2. ഈ പ്രായഘട്ടത്തിൽ തൊഴിൽമേഖലകളിലെ വൈവിധ്യമാർന്ന സാധ്യതകൾ പരിചയപ്പെടാനും നല്ല അനുഭവങ്ങൾ നേരിൽ കാണാനും ചെയ്തു മനസ്സിലാക്കാനും കഴിയണം. ഓരോ തദ്ദേശഭരണസ്ഥാപന പരിധിയിലും ഒരു തൊഴിൽ നൈപുണി വികസന കേന്ദ്രം (പണിശാല - വർക്ക്ഷെഡ്) എന്ന ആശയം പ്രായോഗികമാക്കണം.

9. റിസോഴ്സ് അധ്യാപകർ

കേരളീയവിദ്യാഭ്യാസം സമീപകാലത്ത് കൈക്കൊണ്ട മാതൃകാപരവും അഭിനന്ദനീയവുമായ ശ്രമമാണ് പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കു നൽകുന്ന പിന്തുണ. മുൻകാലങ്ങളിൽ പൊതുവിദ്യാഭ്യാസധാരയിൽനിന്ന് ദൂരെമാറിക്കഴിഞ്ഞിരുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഴുവനും സ്കൂളുകളിലേക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ അവർക്കുള്ള സേവനങ്ങൾ പൂർണമായി ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളണം. ആവശ്യമായ അധ്യാപകരുടെ സേവനം ഉറപ്പുവരുത്താൻ കഴിയണം.

10. ലൈബ്രേറിയൻ

സെക്കന്ററി ഘട്ടത്തിൽ പൊതു ലൈബ്രറി അനിവാര്യമാണ്. റഫറൻസിങ്ങിനും മറ്റും പ്രാധാന്യം കൂടുന്നതിനാൽ ലൈബ്രേറിയനായി യോഗ്യതയുള്ള ഒരാളുടെ സേവനം തേടുന്നതാണ് ഉചിതം.

11. നിയന്ത്രണവും മോണിറ്ററിങ്ങും

ശാസ്ത്രീയമായതും ചിട്ടയായതുമായ മോണിറ്ററിങ് നിശ്ചിത ഇടവേളകളിൽ നടക്കേണ്ടതുണ്ട്. ഇതിനായുള്ള കൃത്യമായ ആസൂത്രണം ഓരോ അക്കാദമികവർഷത്തിലും ഉണ്ടാകണം.

12. വിദ്യാഭ്യാസവകുപ്പിലെ വിവിധ ഏജൻസികൾ

എസ്.സി.ഇ.ആർ.ടി, അതിന്റെ ഭാഗമായി ടെക്സ്റ്റ്ബുക്ക് ആർകൈവ്സ്, ഡയറ്റുകൾ, അവയുടെ ഭാഗമായി ഇംഗ്ലീഷ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, സീമാറ്റ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എജ്യുക്കേഷണൽ ടെക്നോളജി കേരളം (ഐ.ഇ.ടി.കെ) (പുതിയ സ്ഥാപനം), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് (എസ്.ഐ.എം.സി), വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനുള്ള സ്ഥാപനം (പുതിയ സ്ഥാപനം), കലാകായിക പഠനകേന്ദ്രങ്ങൾ, ഐ.എ.എസ്.ഇ, സി.ടി.ഇ. തുടങ്ങിയ ടീച്ചർ എജ്യുക്കേഷൻ സ്ഥാപനങ്ങൾ എന്നിവയെ ശക്തിപ്പെടുത്താനുള്ള നടപടികൾ കൈക്കൊള്ളണം.